LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പ്രധാന നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രധാന നഗരസഭകൾക്കെല്ലാം ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ നവീകരിക്കുന്നതിനും പൊതു പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും വേണ്ട സഹായം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നഗര മാലിന്യങ്ങളുടെ പ്രധാന ഉറവിടം മാർക്കറ്റുപോലുള്ള സ്ഥലങ്ങളായതിനാൽ അത്തരം മാലിന്യം കമ്മ്യൂണിറ്റി തലത്തിൽ സംസ്കരിക്കുന്നതിനായി എയ്റോബിക് ഫെറോ സിമന്റ് ബിൻ കമ്പോസ്റ്റിംഗ് ചില നഗരസഭകൾ പരീക്ഷിച്ചുവരുന്നുണ്ട്. കൊച്ചി നഗരസഭയിലെ ബ്രഹ്മപുരത്ത് മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന ഒരു പ്ലാന്റ് സ്ഥാപിക്കുവാൻ ലക്ഷ്യമിട്ട് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്നതിനുള്ള നടപടികളും പ്രോത്സാഹിപ്പിച്ചു വരുന്നു.

നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം

115 (1586) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റമറ്റ മാലിന്യനിർമ്മാർജ്ജന പദ്ധതി ഏതെങ്കിലും നഗരസഭ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) മാലിന്യ നിർമ്മാർജ്ജനത്തിന് നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകുന്ന സഹായപദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഏകദേശം എല്ലാ നഗരസഭകൾക്കും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ നവീകരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

പൊതു പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരമാലിന്യങ്ങളുടെ പ്രധാന ഉറവിടം മാർക്കറ്റ് പോലുള്ള സ്ഥലങ്ങളായതിനാൽ അത്തരം മാലിന്യം കമ്മ്യൂണിറ്റി തലത്തിൽ സംസ്കരിക്കുന്നതിനായി എയ്റോബിക് ഫെറൊ സിമന്റ് ബിൻ കമ്പോസ്റ്റിംഗ് ചില നഗരസഭകളിൽ പരീക്ഷിച്ച് വരുന്നുണ്ട്. കൂടാതെ അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്ന പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുവരുന്നു.

(ബി) മാലിന്യ സംസ്കരണ പദ്ധതി പല നഗരസഭകളിലും വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. ഗാർഹികതലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% (പരമാവധി 5000 രൂപ) സബ്സിഡി സർക്കാർ വിഹിതമായും 25% സബ്സിഡി നഗരസഭാ വിഹിതമായും ശുചിത്വമിഷൻ നൽകിവരുന്നു. കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്ക് 75% സബ്സിഡി സർക്കാർ വിഹിതമായും 15% സബ്സിഡി നഗരസഭാ വിഹിതമായും നൽകിവരുന്നു. ഇതുകൂടാതെ കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ, എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ്, പൊതു എയ്റോബിക് കമ്പോസ്റ്റിംഗ് പദ്ധതികളും അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണം നടത്തുന്നതിനായി ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്ന പദ്ധതികളും നഗരസഭകൾ നടപ്പിലാക്കിവരുന്നു.

(സി) ഉറവിടമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കൽ, ആധുനിക ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നവീകരണം എന്നീ പദ്ധതികൾക്ക് സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും നൽകിവരുന്നു. കൂടാതെ ആധുനിക അറവുശാലകൾ സ്ഥാപിക്കൽ, ആധുനിക വാതക ശ്മശാനം സ്ഥാപിക്കൽ എന്നിവയ്ക്ക് സാങ്കേതിക സഹായവും നല്കിവരുന്നു.

നഗരസഭകളിലെ റോഡുകളുടെ പുനരുദ്ധാരണം

116 (1587) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ നഗരസഭകളിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങൾ എത്ര തുക വീതം ചെലവഴിക്കുകയുണ്ടായി;

(ബി) അതിൽ ഓരോ സാമ്പത്തിക വർഷവും ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം പ്രസ്തുത ഇനത്തിൽ നൽകുകയുണ്ടായി എന്നു വ്യക്തമാക്കുമോ?